"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

സിൽവർ ഓക്ക് മരങ്ങൾ മുറിച്ച് വിറ്റപ്പോൾ കിട്ടിയ വരുമാനത്തിന്റെ നിശ്ചിത ശതമാനം വട്ടച്ചിറ ആദിവാസി കോളനിയുടെ സമഗ്രവികസനത്തിനായി അനുവദിക്കുന്നതിന് പുതുക്കിയ ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനം വന്യജീവി (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.246/2023/F&WLD തീയതി,തിരുവനന്തപുരം, 23-06-2023

---

പരാമർശം:-
1. സ.ഉ (സാധാ) നം. 305/2022/വനം തീയ്യതി 20.07.2022.
2. പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (പ്ലാനിംഗ് ആന്റ് ഡെവലപ്പ്മെന്റ്) ന്റെ 01/04/2023 ലെ എ1/2682/2021 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

വട്ടച്ചിറ ആദിവാസി കോളനിയിലെ സിൽവർ ഓക്ക് മരങ്ങൾ മുറിച്ച് വിറ്റപ്പോൾ കിട്ടിയ വരുമാനത്തിന്റെ 80% തുകയായ 52,98,400 രൂപ കോളനിയുടെ സമഗ്രവികസനത്തിനായി ഉപയോഗിക്കാൻ പരാമർശം (1) ഉത്തരവ് പ്രകാരം ഭരണാനുമതി നല്കിയിരുന്നു. അതനുസരിച്ച് തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി തരിശു നിലം കൃഷിയോഗ്യമാക്കി ഇടവിള കൃഷി ചെയ്യുന്നതിനായി പദ്ധതി തയ്യാറാക്കിയെങ്കിലും 2022-23 സാമ്പത്തിക വർഷം അവസാനിച്ചതിനാൽ പദ്ധതി സമയബന്ധിതമായി നടപ്പിലാക്കുന്നതിന് സാധിക്കുകയില്ല എന്നും അതിനാൽ 2023-24 സാമ്പത്തിക വർഷം ആദ്യം തന്നെ തുക അനുവദിക്കുകയാണെങ്കിൽ പദ്ധതി കൃത്യമായി നടപ്പിലാക്കാൻ സാധിക്കുമെന്ന് കൃഷി ഓഫീസർ റിപ്പോർട്ട് ചെയ്തു. ആയതിനാൽ 2023-24 സാമ്പത്തിക വർഷാദ്യം തന്നെ തുക വിനിയോഗിക്കുന്നതിന് പുതുക്കിയ ഭരണാനുമതി നൽകണമെന്ന് പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (പ്ലാനിംഗ് ആന്റ് ഡെവലപ്പ്മെന്റ്) പരാമർശം (2) കത്ത് പ്രകാരം ശിപാർശ ചെയ്തിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വട്ടച്ചിറ ആദിവാസി കോളനിയിലെ കർഷകർക്കും കോളനിയുടെ സമഗ്രവികസനത്തിനുമായി സൂചന (1) ഉത്തരവ് പ്രകാരം അനുവദിക്കപ്പെട്ട ₹ 52,98,400/- (അമ്പത്തിരണ്ട് ലക്ഷത്തി തൊണ്ണൂറ്റി എട്ടായിരത്തി നാനൂറ് രൂപ മാത്രം) രൂപ നിശ്ചിത കാലപരിധിക്കുള്ളിൽ ചെലവാകാത്ത സാഹചര്യത്തിൽ, പ്രസ്തുത തുക 2406-01-105-99 Timber and other produce removed by Govt. Agency (NP) എന്ന ശീർഷകത്തിലെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും വിനിയോഗിയ്ക്കുന്നതിനുള്ള അനുമതി കോഴിക്കോട് ജില്ലാ കളക്ടറിന് അനുവദിച്ച് നൽകുന്നതിന് പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (ഫോറസ്റ്റ് മാനേജ്മെന്റ്) - നെ ചുമതലപ്പെടുത്തി താഴെ പറയുന്ന കർശന വ്യവസ്ഥകൾക്ക് വിധേയമായി പുതുക്കിയ ഭരണാനുമതി നൽകി ഉത്തരവാകുന്നു.

1. നടപ്പു സാമ്പത്തിക വർഷം ജൂലൈ 31 നകം പ്രസ്തുത പദ്ധതി പൂർത്തിയാക്കേണ്ടതാണ്.
2. ജൂലൈ 31 നകം പദ്ധതി പൂർത്തിയാകാതെ വരുന്ന പക്ഷം യാതൊരു കാരണവശാലും ഭരണാനുമതി പുതുക്കി നൽകുന്നതല്ല.
3. ഏത് ഉദ്ദേശ്യത്തോടെയാണോ പദ്ധതി നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത് ആയതിന്റെ മുഴുവൻ അന്തസത്തയും ഉൾക്കൊണ്ട് തുക വിനിയോഗിക്കേണ്ടതാണ്.
4. തുക കൃത്യമായി വിനിയോഗിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം( Utilisation Certificate ) പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (ഫോറസ്റ്റ് മാനേജ്മെന്റ്) സമയബന്ധിതമായി സർക്കാരിൽ ലഭ്യമാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
T T SURESH
ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (പ്ലാനിംഗ് ആന്റ് ഡവലപ്പ്മെന്റ്), തിരുവനന്തപുരം.
പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (ഫോറസ്റ്റ് മാനേജ്മെന്റ്), തിരുവനന്തപുരം.
ജില്ലാകളക്ടർ, കോഴിക്കോട്.
ധനകാര്യ (അഗ്രി-വിംഗ്) വകുപ്പ് (അഗ്രി-എ 1/19/2018-ധന പ്രകാരം).
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) / (ആഡിറ്റ്), കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
വെബ്ബ് ആന്റ് ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Chithra G S
Date: 23-06-2023 15:30:16

സെക്ഷൻ ഓഫീസർ

പകർപ്പ്-ബഹു മുഖ്യമന്ത്രിയുടെ ഓഫീസിന് / ബഹു വനം വന്യജീവി വകുപ്പ് മന്ത്രിയുടെ ഓഫീസിന് / വനം വന്യജീവി വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പിഎയ്ക്ക്.